LIBRARY ARCHIVES Kerala Legislative Assembly

വൃത്തിയാക്കി നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് നഗരസഭാ റോഡുകളുടെ പരിപാലന ചുമതലയുള്ളവർ എന്നിവരുടെ അനുമതിയോടെ പരസ്യ ദാതാക്കളിൽ നിന്ന് നഗരങ്ങളിലെ മാർക്കറ്റ് നിരക്ക് അനുസരിച്ചുള്ള തുക ഈടാക്കിക്കൊണ്ട് പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും വൈദ്യുതി കാലുകളുടെ ഉടമസ്ഥാവകാശം കെ.എസ്.ഇ.ബി.-യിൽ തന്നെ നിക്ഷിപ്തമാക്കി അവരുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് തുടർനടപടികൾ എടുക്കുവാൻ ക്ലീൻ കേരള കമ്പനി ലിമിറ്റഡിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കരാറിൽ ഏർപ്പെട്ടിരിക്കുന്നത് ഡിസ്ട്രിബ്യൂഷൻ (സൗത്ത് സെൻട്രൽ, നോർത്ത്) വിഭാഗം ചീഫ് എഞ്ചിനീയർമാരാണ്. അതേസമയം ക്ലീൻ കേരള കമ്പനി സെക്രട്ടറി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പേരിൽ 4,09,494 (നാല് ലക്ഷത്തി ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) രൂപയുള്ള ചെക്ക് 6-8-2015-ൽ കൈമാറിയിട്ടുണ്ട്. ഗവൺമെന്റ് ഉത്തരവ് പ്രകാരം പരസ്യ നികുതി ഇനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട നികുതി ഒഴിച്ചുള്ള തുകയുടെ 20 ശതമാനം ഇലക്ട്രിസിറ്റി ബോർഡിന് ലഭ്യമാക്കേണ്ട ഇനത്തിലാണ് ഈ തുക അടച്ചിട്ടുള്ളത്. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്ലീൻ കേരള കമ്പനിയുടെ രേഖകൾ ഒത്തുനോക്കി മാത്രമേ അടച്ച തുക പര്യാപ്തമാണോയെന്നും ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാകുകയുള്ളൂ.

ജലവൈദ്യുത പദ്ധതികൾ

93 (478) ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതോല്പാദന വർദ്ധനവ് ലക്ഷ്യമിട്ട്, ജലവൈദ്യുതപദ്ധതികൾ ആരംഭിക്കുന്ന കാര്യത്തിൽ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ലോഡ് ഷെഡിംഗ്, പവർകട്ട് എന്നിവ ഒഴിവാക്കുന്ന കാര്യത്തിൽ എത്രത്തോളം നേട്ടം കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ഊർജ്ജ പദ്ധതികൾക്കായി നീക്കിവച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

GPM. 2/237/2020-24

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ 219 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുകൂടാതെ അതിരപ്പള്ളി പദ്ധതി (163 MW) പ്രതിബന്ധങ്ങൾ നീക്കി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ BOOT അടിസ്ഥാനത്തിൽ 23 ചെറുകിട ജലസേചന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. തുടർന്നും സ്വകാര്യ പങ്കാളിത്തത്തോടെ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ലോഡ് ഷെഡ്ഡിങ്ങോ പവർകട്ടോ ഏർപ്പെടുത്തിയിട്ടില്ല. കൂടാതെ സംസ്ഥാനത്തെ നിലവിലുള്ള ഊർജ്ജ ലഭ്യത കണക്കിലെടുക്കുമ്പോൾ ഈ സാമ്പത്തിക വർഷത്തിലെ വരും നാളുകളിൽ പവർകട്ടോ ലോഡ് ഷെഡ്ഡിംഗോ ഏർപ്പെടുത്തേണ്ടതായ സാഹചര്യം ഉണ്ടാകുമെന്ന് കരുതുന്നില്ല.

(സി) പുതിയ ഊർജ്ജ പദ്ധതിക്കായി സർക്കാർ 2013-14 ബഡ്ജറ്റിൽ കഞ്ചിക്കോട് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുക ലഭ്യമായതിനാൽ മുഴുവൻ തുകയും ചെലവാക്കുകയും ചെയ്തുകയുണ്ടായി. കെ.എസ്.ഇ.ബി. സ്വന്തം ഫണ്ടിൽ നിന്നും വായു മുഖാന്തിരവും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുവാനായി 2011-16 കാലയളവിൽ ബഡ്ജറ്റിൽ വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	ബഡ്ജറ്റ്	ചെലവ്
2011-12	383.67	159.83
2012-13	274.27	256.71
2013-14	256.48	414.56
2014-15	338.85	293.87
2015-16 (ഡിസംബർ 15 വരെ)	383.30	111.56